ഭരണഭാഷ-മാതൃഭാഷ


## ചെറുപുഴ ഗ്രാമ പഞ്ചായത്ത്
**പിൻ കോഡ്- 670511**
**GSTIN:32AAAGS1068R1ZW ഫോൺ നമ്പർ : 0498-5240755**
**cherupuzhapanchayat@gmail.com**


**നമ്പർ: 150201-2026** **തീയതി : 29-08-2026**

### പുനഃലേലം/ക്വട്ടേഷൻ പരസ്യം

മാന്യരേ,

ചെറുപുഴ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ പറയുന്ന ഇനം ചുവടെ ചേർത്ത പട്ടിക പ്രകാരം 09/09/2026 ബുധനാഴ്ച രാവിലെ 11 മണിക്ക് പഞ്ചായത്ത് ഹാളിൽ വെച്ച് പരസ്യമായി പുനഃലേലം ചെയ്ത് കൊടുക്കുന്നതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കാൻ ആഗ്രഹിക്കുന്നവർ സീൽ ചെയ്ത ക്വട്ടേഷനുകൾ ലേല തീയതിക്ക് മുമ്പായി പഞ്ചായത്ത് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ലേലത്തിൽ ഏറ്റവും കൂടുതൽ തുകയ്ക്ക് ലേലം വിളിക്കുന്നയാളുടെ പേരിൽ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ലേലം അന്തിമമായി അംഗീകരിക്കുന്നതുമാണ്. ലേലം സംബന്ധിച്ച് മറ്റ് സർക്കാർ നിബന്ധനകൾ ഈ ലേലത്തിനും ബാധകമായിരിക്കും. കൂടുതൽ വിവരങ്ങൾക്ക് പഞ്ചായത്ത് ഓഫീസുമായി ബന്ധപ്പെടുക

| ക്രമ നമ്പർ | ലേലം ചെയ്യുന്ന ഇനം | ഒടുക്കേണ്ട നിരത ദ്രവ്യം |
|---|---|---|
| 1 | വനിത ഫിറ്റ്നസ് സെൻറർ | 1000/- |

ലേല നിബന്ധനകൾ

1. ലേലത്തിൽ പങ്കെടുക്കുന്നവർ ലേലത്തിന് മുമ്പായി നിശ്ചിത തുക നിരതദ്രവ്യമായി കെട്ടിവെച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ലേലം താൽക്കാലികമായി ഉറപ്പിച്ചുകഴിഞ്ഞാൽ ലേലം കരസ്ഥമാക്കിയവരുടേതൊഴികെ മറ്റുള്ളവരുടെ നിക്ഷേപം അപ്പോൾ തന്നെ തിരികെ നൽകുന്നതാണ്.
2. ലേലത്തുകയ്ക്ക് മേൽ 18% ജി.എസ്.ടി ബാധകമാണ്.
3. ലേലം അംഗീകരിച്ച് അറിയിപ്പ് ലഭിച്ച് 7 ദിവസത്തിനകം 200/- രൂപയുടെ മുദ്രപത്രത്തിൽ പഞ്ചായത്ത് സെക്രട്ടറിയുമായി കരാർ (Agreement) വെയ്ക്കേണ്ടതാണ്.
4. ലേലം കരസ്ഥമാക്കുന്നവർ മൂന്ന് മാസത്തെ വാടക ഡെപ്പോസിറ്റ് ആയി നൽകേണ്ടതാണ്
5. ലേലത്തിൽ പങ്കെടുക്കുന്നവരും ലേലം കരസ്ഥമാക്കിയവരും ഇതുമായി ബന്ധപ്പെട്ട പഞ്ചായത്ത് രാജ് നിയമങ്ങളും ചട്ടങ്ങളും ബൈലോകളും നിർദ്ദേശങ്ങളും കാലാകാലങ്ങളിൽ സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകളും അനുസരിക്കാൻ ബാധ്യസ്ഥരായിരിക്കും
6. ലേലം ഉറപ്പിക്കാനോ കാരണം കൂടാതെ നിരസിക്കാനോ നിർത്തിവെക്കാനോ ഉള്ള അവകാശം പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കും

7. പഞ്ചായത്തിലേക്ക് ഏതെങ്കിലും നികുതിയോ ഫീസോ വാടകയോ അടയ്ക്കാൻ കുടിശ്ശികയുള്ളവർക്ക് ലേലത്തിൽ പങ്കെടുക്കാൻ അർഹത ഉണ്ടായിരിക്കുന്നതല്ല
8. ലേല ദിവസം ആകസ്മികമായി അവധി വരികയാണെങ്കിൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ഇതേ സമയത്ത് തന്നെ ലേലം നടക്കുന്നതായിരിക്കും
9. ലേല നിബന്ധനകൾ പാലിക്കാത്ത പക്ഷം നിശ്ചിത തീയതി മുതൽ 30 ദിവസം കഴിഞ്ഞാൽ ലേലം റദ്ദാക്കുന്നതും പുനർലേലം നടത്തുന്നതുമായിരിക്കും

Signature Not Verified
Digitally signed by BITTAJ THOMAS
Date: 2026.08.29 17:02:42 IST
Reason: KSMART